**POLICE** **DEPARTMENT**

**KERALA**

**No. G2-16335/2014/ID**
District Police Office,
Idukki
spidk.pol@kerala.gov.in
04862232354
Dated. 24-10-2017

ലേല പരസ്യം

ഇടുക്കി ജില്ലയിലെ നെടുംകണ്ടം പോലീസ് സ്റ്റേഷൻ വളപ്പിൽ നിൽക്കുന്ന 3 മഹാഗണി മരങ്ങൾ **2017 നവംബർ മാസം 15ാം** തീയതി പകൽ 11 മണിയ്ക്ക് നെടുംകണ്ടം പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിയ്ക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരത ദ്രവ്യമായി 3000/- രൂപാ (മൂവായിരം രൂപാ മാത്രം) അടച്ച് രസീത് കൈപ്പറ്റേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുദ്ര വച്ച കവറിൽ ദർഘാസും സ്വീകരിയ്ക്കുന്നതാണ്. കവറിൻറെ പുറത്ത് "നെടുംകണ്ടം പോലീസ് സ്റ്റേഷൻ വളപ്പിലെ മരങ്ങളുടെ ലേലത്തിൻറെ ദർഘാസ്" എന്ന് എഴുതിയിരിയ്ക്കണം. ദർഘാസ് **2017 നവംബർ മാസം 12ാം തീയതി 4** പി എം വരെ ഇടുക്കി ജില്ലാ പോലീസ് ഓഫീസിലും നെടുംകണ്ടം സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയത്തിലും സ്വീകരിയ്ക്കുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഇടുക്കി ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ , നിരതദ്രവ്യത്തിന് തുല്യമായ തുകയുടെ ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യണം . ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലം വിളിച്ച തുക/ദർഘാസ് തുക ഇതിൽ ഏതാണൊ കൂടുതൽ ആയതിന് ലേലം താത്കാലികമായി ഉറപ്പിക്കുന്നതുമാണ്.

ഇപ്രകാരം ലേലം കൊണ്ടയാൾ ലേല തുകയുടെ /ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരത ദ്രവ്യം കഴിച്ച്) അന്നു തന്നെ അടയ്ക്കേണ്ടതാണ്. ഇതോടൊപ്പം തന്നെ മുഴുവൻ ലേല തുകയുടെ 5% 0406-01-101-96-FDT എന്ന ശീർഷകത്തിൽ വനം വികസന നികുതി (FDT)അടയ്ക്കേണ്ടതും ലേല തുകയും FDT യും ചേർന്ന തുകയുടെ 18% GST യും അന്നു തന്നെ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിൽ മരങ്ങൾ മുറിച്ചു മാറ്റി കൊണ്ടുപോകേണ്ടതാണ്.

ലേലം കൊണ്ടയാൾ മേൽപറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൾ കെട്ടിവച്ച നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയത് ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ്. പുനർ ലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിന് ടിയാൻ അവകാശിയായിരിക്കുന്നതല്ല.

ലേല വസ്തുക്കൾ 2017 നവംബർ മാസം 12ാം തീയതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ നെടുംകണ്ടം പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടെ രാവിലെ 11 മണിയ്ക്കും വൈകിട്ട് 5 മണിയ്ക്കും ഇടയ്ക്കുള്ള സമയത്ത് പരിശോധിയ്ക്കാവുന്നതാണ്. യാതൊരു കാരണവും കാണിയ്ക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ഇടുക്കി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമാണ്.

ലേല വസ്തുക്കൾ

| ക്രമനംമ്പർ | ഇനം | ബി എച്ച് വണ്ണം | വ്യാപ്തം |
|---|---|---|---|
| 1 | മഹാഗണി | 1.55 | 1.247 |
| 2 | മഹാഗണി | 1.1 | 0.434 |
| 3 | മഹാഗണി | 1.1 | 0.412 |

Venugopal K B IPS
District Police Chief

To : പോലീസ് ഇൻസ്പെക്ടർ നെടുംങ്കണ്ടം, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് കട്ടപ്പന എന്നിവർക്ക് അറിവിലേയ്ക്കും വ്യാപക പരസ്യം നൽകുന്നതിനും

Copy To : എല്ലാ യൂണിറ്റ് മേധാവികൾക്കും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കുന്നതിന്.ഇടുക്കി ജില്ലയിലെ എല്ലാ ഓഫീസർമാർക്കും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കുന്നതിന്.ഡി വൈ എസ് പി ( ഭരണവിഭാഗം) , എ എ , മാനേജർ എന്നിവർക്ക് അറിവിലേയ്ക്ക്.